Minister for Works (SHRI K. I. VELAYUDHAN) :

(a) The road will be completed after the land is acquired and handed over, for which action is being taken. Excepting that, all works are being taken up.

(b) The matter is under consideration.

SHRI A. A. D. LUIZ : The Foreshore road has nothing to do with the interior road. നാലഞ്ചല്ലത്തിനുമുൻപ് അപകടമായ ചെയ്തിട്ടും പമ്പുചെയ്ത് ലെവൽ ചെയ്തിട്ടും ഇനിയും അത് പൂർത്തിയാകാതെ കിടക്കുന്നതായി അറിയാമോ ?

ശ്രീ. കെ. ഐ. വേലായുധൻ : ഈ കാര്യത്തിനു് മറ്റു ചില സ്ഥലങ്ങൾകൂടി അകപയർ ചെയ്യേണ്ടിയിരിക്കുന്നു. അതാണു് താമസത്തിനു് കാരണം.

വില്ലേജ്കോടതി ആക്റ്റ്.

* 79. [31] ശ്രീ. പി. കെ. അബ്ദുൽഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചി നിയമസഭ പാസ്സാക്കിയ വില്ലേജ്കോടതി ആക്റ്റ് നടപ്പിൽ വരുത്തിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എത്ര കാലയളവിനുള്ളിൽ നടപ്പിൽ വരുത്തും ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഇല്ല.

(ബി) സമീപഭാവിയിൽത്തന്നെ നടപ്പിൽ വരുത്തും.

ശ്രീ. പി. കെ. അബ്ദുൽഖാദർ : ആക്റ്റ് പാസ്സായിട്ട് എത്ര കാലമായി ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : 54-ലാണ് പാസ്സായതു്.

ശ്രീ. എൻ. ജി. ചാക്കോ : ഇതിനെപ്പറ്റി ആക്ഷേപങ്ങൾ ഉണ്ടെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടു്. അതുകൊണ്ടാണു് കാലതാമസം വന്നതു്. പബ്ലിക് ഒപ്പിനിയൻ അറിയുന്നതിനുവേണ്ടി ഇതു് ന്യൂസിൽ പരസ്യം ചെയ്തിട്ടുണ്ടു്. അതു നവംബറിലാണു്.

മദ്ധ്യവേനൽ ഒഴിവു്.

* 80. [32] ശ്രീ. പി. കെ. അബ്ദുൽഖാദർ : താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

തിരുവിതാംകൂർഭാഗത്തെ പഞ്ചായത്തുകോടതികൾക്കു് നൽകിവരുന്ന വിധം മദ്ധ്യവേനൽ ഒഴിവു് കൊച്ചിഭാഗത്തെ വില്ലേജ് കോടതികൾക്കും കൊടുക്കുവാൻ താവണമെൻറ് സത്വരനടപടികൾ കൈക്കൊള്ളുമോ ?

LIBRARY ARCHIVES Kerala Legislative Assembly